ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

**DATE: 22.11.2025** **TIME : 06.30 PM**

## പ്രധാന വാർത്തകൾ

1. സമഗ്രവും സുസ്ഥിരവുമായ വളർച്ചയിൽ അംഗരാജ്യങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് ദക്ഷിണാഫ്രിക്കയിൽ നടക്കുന്ന ജി-20 ഉച്ചകോടിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി

2. സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിലേക്കുള്ള നാമനിർദ്ദേശപത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടന്നു; സ്ഥാനാർത്ഥിത്വം പിൻവലിക്കാനുള്ള സമയപരിധി മറ്റെന്നാൾ അവസാനിക്കും.

3. വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായുള്ള എന്യൂമറേഷൻ ഫോം വിതരണം സംസ്ഥാനത്ത് 99 ശതമാനത്തിലധികം പൂർത്തിയായതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു. കേൽക്കർ.

4. ശബരിമലയിൽ തിരക്ക് വർദ്ധിക്കുന്നത് അനുസരിച്ച് സ്പോട് ബുക്കിങ്ങിന്റെ എണ്ണം വർധിപ്പിക്കാനും തീർത്ഥാടകർക്ക് കൂടുതൽ സൗകര്യം ലഭ്യമാക്കാനും ഉന്നതതല യോഗത്തിൽ തീരുമാനം

**5. സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത, കേരള ലക്ഷദ്വീപ് തീരങ്ങളിൽ മറ്റെന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്**

***********************************

## പ്രധാനമന്ത്രി -G20 ഉച്ചകോടി

ദക്ഷിണാഫ്രിക്കയിലെ ജോഹന്നാസ്ബർഗിൽ നടന്ന G20 ഉച്ചകോടിയുടെ ആദ്യ സെഷനെ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്തു. സമഗ്രവും സുസ്ഥിരവുമായ വളർച്ചയിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്ന് അദ്ദേഹം പറഞ്ഞു. ആരോഗ്യ അടിയന്തരാവസ്ഥകളിലും പ്രകൃതി ദുരന്തങ്ങളിലും ഒരുമിച്ച് പ്രവർത്തിക്കുമ്പോൾ ലോകം ശക്തമാകുമെന്ന് ഊന്നിപ്പറഞ്ഞുകൊണ്ട്, ഒരു G20 ഗ്ലോബൽ ഹെൽത്ത്കെയർ റെസ്പോൺസ് ടീം രൂപീകരിക്കാൻ പ്രധാനമന്ത്രി നിർദ്ദേശിച്ചു.

***********************************

## മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ (ഇൻട്രോ)

സംസ്ഥാനത്ത് വോട്ടർ പട്ടിക പരിഷ്കരണത്തിന്റെ ഭാഗമായി എന്യൂമറേഷൻ ഫോം വിതരണം അവസാന ഘട്ടത്തിലേക്ക് കടന്നതായി മുഖ്യ തെരഞ്ഞെടുപ്പ് ഓഫീസർ രത്തൻ യു ഖേൽക്കർ. 99

ശതമാനത്തിലധികം ഫോമുകളുടെ വിതരണം പൂർത്തിയാക്കി. ശേഷിക്കുന്ന ഫോമുകളുടെ വിതരണം നാളെയോടെ പൂർത്തിയാക്കുമെന്നും, പൂരിപ്പിച്ച ഫോമുകളിൽ 26 ലക്ഷത്തി 46,414 ഫോമുകൾ അപ്ലോഡ് ചെയ്തതായും അദ്ദേഹം പറഞ്ഞു. തിരുവനന്തപുരത്ത് രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

(വോയ്സ്)

*************************************

## എന്യൂമറേഷൻ ഫോം-വയനാട്

വയനാട് ജില്ലയിൽ തീവ്ര വോട്ടർ പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് എന്യൂമറേഷൻ ഫോമുകൾ പൂരിപ്പിക്കാൻ സഹായിക്കുന്നതിന് ജില്ലയിലെ എല്ലാ വില്ലേജുകളിലും രാവിലെ 10 മുതൽ വൈകിട്ട് അഞ്ച് വരെ ഫെസിലിറ്റേഷൻ സെന്ററുകൾ പ്രവർത്തിക്കുമെന്ന് ജില്ലാ കളക്ടർ ▯ ി.ആർ മേഘശ്രീ അറിയിച്ചു.

*************************************

## സ്ഥാനാർത്ഥിത്വം പിൻവലിക്കൽ

സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിനുവേണ്ടി സമർപ്പിച്ചിട്ടുള്ള നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന ഇന്ന് നടന്നു. ബന്ധപ്പെട്ട വരണാധികാരികളാണ്

നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന നടത്തിയത്. അതേസമയം സ്ഥാനാർത്ഥിത്വം പിൻവലിക്കുന്നതിനുള്ള നോട്ടീസ് മറ്റെന്നാൾ ഉച്ചകഴിഞ്ഞ് മൂന്ന് മണി വരെ വരണാധികാരിക്ക് നൽകാം. സ്ഥാനാർത്ഥിക്കോ നാമനിർദേശകനോ സ്ഥാനാർത്ഥി അധികാരപ്പെടുത്തിയ തെരഞ്ഞെടുപ്പ് ഏജന്റിനോ ഫോറം 5 ൽ തയ്യാറാക്കിയ നോട്ടീസ് നല്കാം.

*********************************

## തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം

പൊതുതെരഞ്ഞെടുപ്പിനോടനുബന്ധിച്ച് സ്ഥാപിച്ചിട്ടുള്ള അനധികൃത ബാനറുകൾ, ബോർ ുകൾ, കൊടികൾ, തോരണങ്ങൾ എന്നിവയുടെ പരിശോധന ഊർജ്ജിതമാക്കാനും ശക്തമായ നടപടി സ്വീകരിക്കാനും സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷൻ ജില്ലാ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകി. എല്ലാ തദ്ദേശസ്ഥാപന സെക്രട്ടറിമാർക്കും ആവശ്യമായ നിർദ്ദേശം നൽകാനും ജില്ലാ കളക്ടർമാരോട് കമ്മീഷൻ ആവശ്യപ്പെട്ടു.

*********************************

## തദ്ദേശ തിരഞ്ഞെടുപ്പ്- കണ്ണൂർ

തദ്ദേശ തിരഞ്ഞെടുപ്പിന്റെ ഭാഗമായി രാഷ്ട്രീയ പാർട്ടി പ്രതിനിധികളുടെ യോഗം കണ്ണൂരിൽ ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസറായ ജില്ലാ കലക്ടർ അരുൺ കെ വിജയന്റെ അധ്യക്ഷതയിൽ ചേർന്നു.

തിരഞ്ഞെടുപ്പ് പ്രക്രിയ വിജയകരമായി പൂർത്തിയാക്കാൻ എല്ലാ രാഷ്ട്രീയ പാർട്ടികളും സഹകരിക്കണമെന്ന് കളക്ടർ അഭ്യർഥിച്ചു.

***********************************

## മന്ത്രി വി ശിവൻകുട്ടി -തൊഴിൽ കോഡ്

കേന്ദ്രസർക്കാർ നടപ്പിലാക്കുന്ന തൊഴിൽ കോഡ് പരിഷ്കരണങ്ങൾ സംസ്ഥാന സർക്കാർ സൂക്ഷ്മമായി വിലയിരുത്തുകയാണെന്ന് മന്ത്രി വി ശിവൻകുട്ടി തിരുവനന്തപുരത്ത് മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്ര കോ ുകൾക്ക് അനുസൃതമായി സംസ്ഥാന ചട്ടങ്ങൾ രൂപീകരിക്കുന്ന കാര്യം സംസ്ഥാനത്തെ എല്ലാ പ്രമുഖ ട്രേഡ് യൂണിയനുകൾ, വ്യവസായ മേഖല പ്രതിനിധികൾ എന്നിവരുമായി ചർച്ച ചെയ്യുമെന്നും മന്ത്രി പറഞ്ഞു.

***********************************

## മന്ത്രി ജോർജ് കുര്യൻ-കോഴിക്കോട്

ശബരിമല സ്വർണപ്പാളി കേസ് അന്വേഷണത്തിൽ കേന്ദ്ര ഏജൻസിയുടെ ഇടപെടലിന് സാധ്യതയുണ്ടെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ. കേസിൽ എഫ്ഐആർ രജിസ്റ്റർ ചെയ്തു കഴിഞ്ഞാൽ നിയമപരമായ നീക്കത്തിലൂടെ കേന്ദ്ര ഏജൻസിക്ക് അന്വേഷണമേറ്റെടുക്കാൻ സാധിക്കുമെന്നും അദ്ദേഹം കോഴിക്കോട്ട് മാധ്യമങ്ങളോട് പറഞ്ഞു.

***********************************

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്....

(ബ്രേക്ക്)

*********************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നതാണ്. ഇന്ന് 6.30 ന്റെ പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

*********************************

## അപേക്ഷ ക്ഷണിച്ചു

ആകാശവാണിയുടേയും ദൂരദർശന്റെയും 13 കേന്ദ്രങ്ങളിൽ കോപ്പി എ□ ിറ്റർ തസ്തികയിലേക്ക് കരാർ നിയമനത്തിന് പ്രസാർ ഭാരതി അപേക്ഷ ക്ഷണിച്ചു. തിരുവനന്തപുരം ആകാശവാണിയിൽ ഒരു ഒഴിവും ദൂരദർശനിൽ രണ്ട് ഒഴിവുമാണ് ഉള്ളത്. കൂടുതൽ വിവരങ്ങൾ പ്രസാർഭാരതിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

*********************************

## അവലോകന യോഗം - ശബരിമല

ശബരിമല തീർത്ഥാടനം കുറ്റമറ്റതാക്കുവാൻ ദേവസ്വം വകുപ്പ് മന്ത്രി വി.എൻ വാസവന്റെ നേതൃത്വത്തിൽ പമ്പ ശ്രീരാമ സാകേതം ഹാളിൽ ഉന്നതതല യോഗം ചേർന്നു. നിലവിൽ സ്ഥിതി നിയന്ത്രണവിധേയമായതിനാൽ തിരക്ക് അനുസരിച്ച് സ്പോട് ബുക്കിങ്ങിന്റെ എണ്ണം വർധിപ്പിക്കാമെന്നും, പതിനെട്ടാം പടിയിൽ ഒരു മിനിട്ടിൽ കയറുന്ന ആളുകളുടെ എണ്ണം 85 ആക്കി ഉയർത്താനും യോഗം തീരുമാനിച്ചു. ശുചീകരണ പ്രവർത്തനങ്ങൾ പ്രത്യേകമായി എല്ലാ ദിവസവും വിലയിരുത്തണം . മരാമത്ത് ജോലികൾ വേഗത്തിലാക്കാനും തീരുമാനമായി.

************************************

## ശബരിമല-റാപ്പിഡ് ആക്ഷൻ ഫോഴ്സ്

മുൻ വർഷങ്ങളിലേതുപോലെ ശബരിമലയിൽ സുരക്ഷ ഒരുക്കി റാപ്പിഡ് ആക്ഷൻ ഫോഴ്സ്. ഡെപ്യൂട്ടി കമാൻഡർ ബിജുറാമിന്റെ നേതൃത്വത്തിൽ 140 പേരടങ്ങുന്ന സംഘം ഇന്ന് സന്നിധാനത്ത് ചുമതലയേറ്റു. സന്നിധാനത്തും മരക്കൂട്ടത്തുമാണ് നിലവിൽ ഇവരുടെ സേവനം. .

************************************

## കാലാവസ്ഥ

തെക്ക് കിഴക്കൻ അറബിക്കടലിനു മുകളിൽ ചക്രവാതച്ചുഴി സ്ഥിതി ചെയ്യുന്നു. ഇതിന്റെ ഫലമായ സംസ്ഥാനത്ത് അടുത്ത 5 ദിവസം ഒറ്റപ്പെട്ട

ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തിരുവനന്തപുരം മുതൽ എറണാകുളം വരെയുള്ള ജില്ലകളിൽ ഇന്നും നാളെയും മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചിട്ടുണ്ട്. തിരുവനനന്തപുരം ജില്ലയിൽ കനത്ത മഴയെ തുടർന്ന് ജലനിരപ്പ് ഉയർന്ന സാഹചര്യത്തിൽ പേപ്പാറ, അരുവിക്കര, നെയ്യാർ  ാമുകളിലെ ഷട്ടറുകൾ ഉയർത്തി. സമീപപ്രദേശങ്ങളിൽ താമസിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് മുന്നറിയിപ്പുണ്ട്. അതേസമയം ശക്തമായ കാറ്റിനും മോശം കാലാവസ്ഥയ്ക്കും സാധ്യതയുള്ളതിനാൽ കേരള -ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മുതൽ മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

************************************

## ചാമ്പ്യൻസ് ബോട്ട് ലീഗ് (ഇൻട്രോ)

ചാമ്പ്യൻസ് ബോട്ട് ലീഗിന്റെ ഭാഗമായ കായംകുളം ജലോത്സവത്തിലും കൈനകരി വില്ലേജ് ബോട്ട് ക്ലബ്ബ് തുഴഞ്ഞ വീയപുരം ചുണ്ടൻ ജേതാവായി.

**വിശദാംശങ്ങളുമായി ആകാശവാണി ആലപ്പുഴ ജില്ലാ പ്രതിനിധി ആർ.രവികുമാർ.......**

**(വോയ്സ്)**

************************************

## ക്രിക്കറ്റ് ടെസ്റ്റ്

ഇന്ത്യക്കെതിരായ രണ്ടാം ക്രിക്കറ്റ് ടെസ്റ്റിൽ ദക്ഷിണാഫ്രിക്ക യ്ക്ക് ഭേദപ്പെട്ട തുടക്കം. ഒന്നാം ദിനം കളി അവസാനിക്കുമ്പോൾ ആറു വിക്കറ്റിന് 247 എന്ന നിലയിലാണ് സന്ദർശകർ. ഗുവാഹത്തിയിൽ നടക്കുന്ന മത്സരത്തിൽ ടോസ് നേടിയ ദക്ഷിണാഫ്രിക്ക ബാറ്റിംഗ് തിരഞ്ഞെടുക്കുക ആയിരുന്നു. ഇന്ത്യക്കായി കുൽദീപ് യാദവ് മൂന്നു വിക്കറ്റ് വീഴ്ത്തി. രണ്ടു മത്സരങ്ങളുടെ പരമ്പരയിലെ ആദ്യ മത്സരത്തിൽ ഇന്ത്യ 30 റണ്ണിന് പരാജയപ്പെട്ടിരുന്നു.

***********************************

## ശതാബ്ദി ആഘോഷ പരിപാടി

താമരശ്ശേരി രൂപതയുടെ കുടിയേറ്റ ശതാബ്ദി ആഘോഷ പരിപാടികൾക്ക് തുടക്കമായി. കേന്ദ്ര സഹ മന്ത്രി ജോർജ്ജ് കുര്യൻ ആഘോഷ പരിപാടികൾ ഉദ്ഘാടനം ചെയ്തു. ഇട വിളകൃഷി, കുടിൽ വ്യവസായങ്ങൾ, വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ കുടിയേറ്റ കർഷകരുടെ സംഭാവനകൾ വലുതാണെന്ന് മന്ത്രി പറഞ്ഞു.

***********************************

## അന്താരാഷ്ട്ര ചലച്ചിത്രമേള

ഗോവയിൽ നടക്കുന്ന 56-ാമത് അന്താരാഷ്ട്ര ചലച്ചിത്രമേളയുടെ ഭാഗമായി, സെൻട്രൽ ബ്യൂറോ ഓഫ് കമ്മ്യൂണിക്കേഷന്റെ ആഭിമുഖ്യത്തിൽ 16

ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നുള്ള നാടോടി കലാ പ്രകടനങ്ങൾ വേദിയിൽ അവതരിപ്പിച്ചു. നാടോടി കലാകാരന്മാർ അവതരിപ്പിക്കുന്ന പരമ്പരാഗത നൃത്തങ്ങളും സാംസ്കാരിക പ്രകടനങ്ങളും സന്ദർശകർക്ക് രാജ്യത്തിന്റെ സമ്പന്നവും വൈവിധ്യപൂർണ്ണവുമായ പൈതൃകം ദൃശ്യമാക്കുന്നു.

************************************

## ഇടുക്കി തൊടുപുഴ-ബൈക്ക് റാലി

ഇടുക്കി തൊടുപുഴ നിയോജകമണ്ഡലത്തിൽ തീവ്ര വോട്ടർപ്പട്ടിക പരിഷ്കരണവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനായി ബൈക്ക് റാലി സംഘടിപ്പിച്ചു. തൊടുപുഴ മിനി സിവിൽ സ്റ്റേഷന് സമീപത്ത് നിന്ന് ആരംഭിച്ച റാലി ഇടുക്കി സബ് കളക്ടർ അനൂപ് ഗാർഗ് ഫ്ലാഗ് ഓഫ് ചെയ്തു. സംസ്ഥാനത്തെ 140 നിയമസഭാ മണ്ഡലങ്ങളിൽ, എസ്.ഐ.ആർ. പ്രവർത്തനങ്ങളുടെ ഭാഗമായുള്ള ഫോം വിതരണം ആദ്യമായി പൂർത്തിയാക്കിയത് തൊടുപുഴ മണ്ഡലത്തിലാണ്.

************************************

## ഹരിത കർമ്മസേനാംഗങ്ങൾ -കണ്ണൂർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിൽ കണ്ണൂർ ജില്ലയിൽ 22 ഹരിത കർമ്മസേനാംഗങ്ങൾ സ്ഥാനാർത്ഥികൾ. കഴിഞ്ഞ തവണത്തെ തദ്ദേശ സ്വയംഭരണ സ്ഥാപന

തെരഞ്ഞെടുപ്പിൽ ആറ് പേരായിരുന്നു മൽസരിച്ചത്. ഇതിൽ 4 പേർ ജയിക്കുകയും ചെയ്തിരുന്നു. ജില്ലയിൽ 2780 സേനാംഗങ്ങളാണ് നിലവിലുള്ളത്.

*******************************************************************************************************************

*********

************************************************************************************